(ഡി) ഐ.ഐ.ടി ചെന്നൈ, എൻ.ഐ.ഐ.എസ്.റ്റി. തിരുവനന്തപുരം, കുസാറ്റ്, സി.ഡി.എസ്., തുടങ്ങിയ കേന്ദ്രങ്ങൾ ഈ പരിപാടിയിൽ പങ്കാളികളാണ്. സി.എൽ.ആർ.ഐ., സി.സി.എം.ബി. എന്നീ സ്ഥാപനങ്ങളുടെ അനുമതിക്കായി സ്റ്റാറ്റിലൂടെ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) സ്റ്റാറ്റ് പരിശീലന പദ്ധതി നടപ്പിലാക്കുന്നതിനായി യു.ജി.സി., കേന്ദ്ര സർക്കാർ എന്നിവിടങ്ങളിൽ നിന്നും സാമ്പത്തിക സഹായം ലഭിച്ചിട്ടില്ല. എന്നാൽ ഐ.ഐ.ടി, എൻ.ഐ.ഐ.എസ്.ടി., എ.ഐ.സി.റ്റി.ഇ. തുടങ്ങിയ കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾ ഈ പരിപാടിയിൽ പങ്കെടുക്കുന്നുണ്ട്.

ഇ. കെ. നായനാർ മെമ്മോറിയൽ ഗവൺമെന്റ് കോളേജിൽ സയൻസ് വിഷയങ്ങൾക്ക് ഡിഗ്രി കോഴ്സ്

89(778) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തൃക്കരിപ്പൂർ മണ്ഡലത്തിലെ ഇ. കെ. നായനാർ മെമ്മോറിയൽ ഗവൺമെന്റ് കോളേജിൽ സയൻസ് വിഷയങ്ങൾക്ക് ഡിഗ്രി കോഴ്സ് അനുവദിക്കുന്നതിന് നിരവധി നിവേദനങ്ങൾ നൽകിയിട്ടും കോഴ്സുകൾ അനുവദിക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

ഇ. കെ. നായനാർ മെമ്മോറിയൽ ഗവൺമെന്റ് കോളേജിൽ ബി.എസ്സ്സി. ഫിസിക്സ്, എം.എ. ഇംഗ്ലീഷ് എന്നീ കോഴ്സുകൾ തുടങ്ങുന്നതിന് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ശിപാർശ സമർപ്പിച്ചതിൻ പ്രകാരം പ്രസ്തുത കോഴ്സുകൾ അനുവദിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

മടപ്പള്ളി സർക്കാർ കോളേജിൽ വിവിധ കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടി

90(779) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോഴിക്കോട് ജില്ലയിൽ ഏതൊക്കെ കോളേജിൽ പുതിയ കോഴ്സുകൾ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) വടകര താലൂക്കിലെ മടപ്പള്ളി സർക്കാർ കോളേജിൽ എം.എ. ഇംഗ്ലീഷ്, എം.എസ്സി. മാത്സ്, ബി.എ. മലയാളം എന്നീ കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോഴിക്കോട് ജില്ലയിൽ സർക്കാർ ആർട്സ്&സയൻസ് കോളേജിൽ പുതിയ കോഴ്സുകൾ അനുവദിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വടകര താലൂക്കിലെ മടപ്പള്ളി സർക്കാർ കോളേജിൽ എം.എ. ഇംഗ്ലീഷ്, എം.എസ്സി. ബോട്ടണി, ബി.എ. മലയാളം എന്നീ കോഴ്സുകൾ തുടങ്ങുന്നതിനാണ് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ശിപാർശ സമർപ്പിച്ചിട്ടുള്ളത്. എം.എസ്സി. മാത്സ് കോഴ്സ് ആരംഭിക്കുന്നതിന് ശിപാർശ ലഭിച്ചിട്ടില്ല. ശിപാർശ ചെയ്ത കോഴ്സുകൾ അനുവദിക്കുന്നകാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

കോടഞ്ചേരി സർക്കാർ കോളേജിൽ പുതിയ കോഴ്സുകൾ

91(780) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോടഞ്ചേരി സർക്കാർ കോളേജിൽ ഏതെല്ലാം പുതിയ കോഴ്സുകൾ തുടങ്ങുന്നതിനാണ് ശിപാർശ നൽകിയിരിക്കുന്നതെന്നു വ്യക്തമാക്കുമോ ;

(ബി) ശിപാർശ ചെയ്തിരിക്കുന്ന കോഴ്സുകൾ അനുവദിക്കുന്ന കാര്യം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നു വ്യക്തമാക്കുമോ ;

(സി) കോഴ്സുകൾ അനുവദിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) കോടഞ്ചേരി സർക്കാർ കോളേജിൽ ബി.എ. ഹിസ്റ്ററി, എം.കോം എന്നീ കോഴ്സുകൾ തുടങ്ങുന്നതിനാണ് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ശിപാർശ സമർപ്പിച്ചിട്ടുള്ളത്.

(ബി&സി) കോഴ്സുകൾ അനുവദിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്.

മുക്കം എം. എ. എം. ഒ. കോളേജിൽ പുതിയ തസ്തികകൾ

92(781) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ മുക്കം എം.എ.എം.ഒ. കോളേജിൽ കേരള ഹൈക്കോടതി ഉത്തരവ് പ്രകാരം 2005-ൽ മുഴുവൻ അദ്ധ്യാപക തസ്തികകളും, പ്ലസ്വൺ സയൻസ്, പ്ലസ്വൺ കോമേഴ്സ് എന്നീ കോഴ്സുകളും ആരംഭിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത കോളേജിൽ 2006 അദ്ധ്യയനവർഷത്തിൽ ജൂനിയർ എച്ച്.എസ്.എസ്.റ്റി.ഗ്രേഡിലേക്ക് ഉയർത്തപ്പെടേണ്ട 5 തസ്തികകളും, പുതുതായി സൃഷ്ടിക്കേണ്ട 4 തസ്തികകളും അനുവദിച്ചു കിട്ടുന്നതിനുള്ള അപേക്ഷ സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly